പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 230 **28-10-2026-ൽ മറുപടിയ്ക്ക്**

ജലജീവൻ മിഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. പഴകുളം മധു

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) 2020-ൽ ആരംഭിച്ച ജലജീവൻ മിഷൻ പദ്ധതികളുടെ നടത്തിപ്പിനായി നബാർഡ് മുഖേന ₹9,000 കോടി രൂപയുടെ വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വായ്പയുടെ വിനിയോഗം, നിലവിലെ സാമ്പത്തിക ബാധ്യത, ഇതുവരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: ഉണ്ട്. തിരിച്ചടവ് ബാധ്യതകൾ നിറവേറ്റുന്നതിൽ കുറവ് വന്നാൽ സർക്കാർ പലിശരഹിത ബ്രിഡ്ജ് വായ്പ നൽകാമെന്ന വ്യവസ്ഥയിൽ, JJM സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി NABARD - ൽ നിന്ന് ₹9,000 കോടി വായ്പ എടുക്കാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയത് പ്രകാരം 04.11.2025 തീയതിയിലെ അനുമതിപത്ര പ്രകാരം ₹5,000 കോടി NABARD ൽ നിന്നും അനുവദിച്ചിരുന്നു. 26.03.2026-ലെ അനുമതിപത്ര പ്രകാരം അനുവദിച്ച ₹4,000 കോടി അധിക വായ്പയിൽ ആദ്യ ഗഡു ആയി അനുവദിച്ച ₹2,000 കോടി ഉൾപ്പെടെ ആകെ 7000 കോടി രൂപ വായ്പയായി ഇത് വരെ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക പൂർണമായും വിനിയോഗിച്ചിട്ടുണ്ട്.

2026 സെപ്റ്റംബർ 30 വരെ കുടിശ്ശിക ബിൽ ഇനത്തിൽ 1,673.34 കോടി രൂപയുടെ സാമ്പത്തികബാധ്യത നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 18,640.62 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ജലജീവൻ മിഷൻ പദ്ധതികളുടെ നടത്തിപ്പിൽ നേരത്തേ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ലെറ്റർ ഓഫ് അക്സപ്റ്റൻസ് (എൽ.ഒ.എ.) അനുവദിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

മറുപടി: ഉണ്ട്. 16/08/2024 നു ശേഷം പ്രവർത്തികൾ അവാർഡ് ചെയ്യരുതെന്ന് നാഷണൽ ജലജീവൻ മിഷൻ (NJJM) നിർദ്ദേശം നൽകിയ സാഹചര്യത്തിൽ പ്രവർത്തികൾ അവാർഡ് ചെയ്യുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട്, വിവിധ തീയതികളിൽ NJJM ന് കത്തുകൾ നൽകുകയുണ്ടായി. ജെജെഎം 2.0 എക്സ്റ്റൻഷൻ ഉത്തരവ് ലഭിച്ചശേഷം ടി വിഷയം പരിഗണിക്കുവാൻ പത്താമത് SWSM അപെക്സ് കമ്മിറ്റി തീരുമാനിച്ചത് പ്രകാരം ജെജെഎം 2.0 എക്സ്റ്റൻഷൻ ഉത്തരവ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചതിനു ശേഷം കൂടിയ പതിനൊന്നാമത് SWSM അപെക്സ് കമ്മിറ്റി തീരുമാനം അനുസരിച്ച് പദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്നതിനും നിക്ഷേപങ്ങൾ പാഴാകാതിരിക്കുന്നതിനുമായി, ബാക്കി നിൽക്കുന്ന പ്രവൃത്തികൾ അവാർഡ് ചെയ്യാൻ പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നാഷണൽ ജല ജീവൻ മിഷൻ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) നാഷണൽ ജലജീവൻ മിഷൻ ഡയറക്ടറുടെ അധ്യക്ഷതയിൽ 2026 ഒക്ടോബർ 12-ന് നടന്ന യോഗത്തിൽ, നേരത്തേ ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ശേഷിക്കുന്ന പ്രവർത്തനങ്ങൾക്ക് എൽ.ഒ.എ. അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പ്രവൃത്തികൾക്ക് എൽ.ഒ.എ. (ലെറ്റർ ഓഫ് അക്സപ്റ്റൻസ്)അനുവദിക്കുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

മറുപടി: നാഷണൽ ജലജീവൻ മിഷൻ ഡയറക്ടറുടെ അധ്യക്ഷതയിൽ 2026 ഒക്ടോബർ 12-ന് ചേർന്ന യോഗത്തിൽ, നേരത്തേ ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ശേഷിക്കുന്ന പ്രവർത്തനങ്ങൾക്ക് എൽ.ഒ.എ. (LoA) അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടില്ല. JJM 2.0 വിവിധ ലക്ഷ്യങ്ങളുടെ ഡിവിഷൻ തിരിച്ചുള്ള പുരോഗതി വിലയിരുത്താനാണ് പ്രധാനമായും ഈ യോഗം ചേർന്നത്.

എൽ.ഒ.എ. അനുവദിക്കുന്നതിന് അനുമതി തേടി സംസ്ഥാന സർക്കാർ നൽകിയ പ്രൊപ്പോസൽ നിലവിൽ നാഷണൽ ജലജീവൻ മിഷന്റെ (NJJM) പരിഗണനയിലാണ്. നാഷണൽ ജലജീവൻമിഷനിൽ നിന്നും അനുകൂലമായ തീരുമാനം ലഭിച്ചശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ